# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*193 — 23.01.2014 ൽ മറുപടിയ്ക്ക്

### പാറ ക്വാറികൾ പാലിക്കേണ്ട സുരക്ഷാ മുൻകരുതൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>,, പി. ഉബൈദുള്ള<br>,, എം. ഉമ്മർ<br>,, പി.ബി. അബ്ദുൾ റസാക് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ പാറക്വാറികൾ വെള്ളം നിറഞ്ഞ് അപകടക്കെണിയായി മാറുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വേണ്ടത്ര സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെ നടത്തുന്ന പാറപൊട്ടിക്കൽ, സമീപത്തെ വീടുകൾക്കും വസ്തുവകകൾക്കും നാശം വരുത്തുന്ന കാര്യം ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്.<br>സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന ക്വാറികൾ മനുഷ്യജീവനും വീടുകൾക്കും നാശം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സുരക്ഷാ ക്രമീകരണങ്ങൾ നടപ്പാക്കുന്നതിനുവേണ്ട കർശന നിർദ്ദേശങ്ങൾ എല്ലാ ക്വാറി ഉടമകൾക്കും നല്കിയിട്ടുണ്ട്. |
| (സി) | ക്വാറികൾ മനുഷ്യ ജീവനും മറ്റ് ജീവജാലങ്ങൾക്കും വസ്തുവകകൾക്കും വരുത്തുന്ന നാശം തടയാൻ എന്തൊക്കെ മുൻകരുതൽ മാനദണ്ഡങ്ങളാണ് നിലവിലുള്ളത്; അവ കർശനമായി നടപ്പാക്കാനും മാനദണ്ഡങ്ങളിൽ ആവശ്യമായ മാറ്റം വരുത്താനും നടപടി സ്വീകരിക്കുമോ? | (സി) | കരിങ്കല്ല് ഖനനം മൂലം രൂപപ്പെടുന്ന കുഴികൾ ഖനനം പൂർത്തിയാകുന്ന മുറയ്ക്ക് മണ്ണിട്ട് നികത്തി കൃഷിക്ക് ഉപയുക്തമാക്കുവാനും കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ജലസേചന/കുടിവെള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാനും മത്സ്യ കൃഷി ചെയ്തു സംരക്ഷിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വെള്ളക്കെട്ട് ഉണ്ടാകുന്ന കരിങ്കൽ ക്വാറികൾ കമ്പിവേലികെട്ടി അപായ ബോർഡുകൾ സ്ഥാപിച്ച് സംരക്ഷിക്കണമെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സുരക്ഷാ സംവിധാനങ്ങൾ കർശനമാക്കുന്നതിനുവേണ്ടി 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ റൂളിൽ സമഗ്രമായ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ